അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഇതനുസരിച്ച് സ്കൂളുകൾ അംഗീകാരത്തിനായി ബന്ധപ്പെട്ട വിദ്യാഭ്യാസ അധികാരികൾ മുഖേന അപേക്ഷിക്കുകയും ആയത് വിദ്യാഭ്യാസ അധികാരികൾ വിശദമായി പരിശോധന നടത്തി മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകളുടെ ലിസ്റ്റ് പൊതു വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്കാണ് അംഗീകാരം നൽകുന്ന കാര്യം സർക്കാർ തലത്തിൽ പരിഗണിക്കുന്നത്.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## എഡ്യൂക്കേഷണൽ കോംപ്ലക്സ് നിർമ്മാണം

118 (1195) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിൽ എഡ്യൂക്കേഷണൽ കോംപ്ലക്സ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ബഡ്ജറ്റിൽ ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണത്തിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര തുകയ്ക്കാണെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

(എ) ഉണ്ട്. ആലപ്പുഴ ജില്ല വിദ്യാഭ്യാസ കോംപ്ലക്സ് നിർമ്മിക്കുന്നതിന് 5.25 കോടി രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഇല്ല.

## പൊതുവിദ്യാഭ്യാസ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ

119 (1196) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി പൊതുവിദ്യാഭ്യാസ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ എന്തെല്ലാം;

(ബി) പ്രസ്തുത പദ്ധതികൾക്കായി ഓരോ ബഡ്ജറ്റിലും വകയിരുത്തിയ തുക എത്ര ; പദ്ധതികളുടെ നടത്തിപ്പിനായി ഖജനാവിൽ നിന്നും പിൻവലിച്ച തുക എത്ര;

(സി) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലുമായി പ്രഖ്യാപിക്കപ്പെട്ടതും എന്നാൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.*

(സി) 2014-15, 2015-16 വർഷത്തിൽ ആരംഭിച്ച ആശ്വാസ് പദ്ധതി, 100 സർക്കാർ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലുയർത്തുന്ന പദ്ധതി (മിഷൻ 100), തെരഞ്ഞെടുക്കപ്പെടുന്ന രണ്ട് ജില്ലകളിലെ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്ന പദ്ധതി, ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് എക്സലൻസ് അവാർഡ് നൽകുന്ന പദ്ധതി, അക്ഷര സാഗരം പദ്ധതി, വയനാട് ആദിവാസി സാക്ഷരതാ പരിപാടി എന്നിവയാണ് കഴിഞ്ഞ 5 ബഡ്ജറ്റുകളിലായി പ്രഖ്യാപിക്കപ്പെട്ടതിൽ നടപ്പിലാക്കാൻ കഴിയാത്ത പദ്ധതികൾ.

## ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിലെ നിയമനം

120 (1197) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി. ക്ലാർക്ക്, ലൈബ്രറി അസിസ്റ്റന്റ്, മീനിയൽ എന്നീ തസ്തികകൾ അനുവദിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എൽ.ഡി. ക്ലാർക്ക്, ലൈബ്രറി അസിസ്റ്റന്റ് തസ്തികകൾ അനുവദിക്കുമ്പോൾ ഹയർസെക്കണ്ടറി വകുപ്പിലെ താഴ്ന്ന ശമ്പള സ്കെയിൽ ജീവനക്കാരായ ലാബ് അസിസ്റ്റന്റുമാർക്ക് പ്രൊമോഷൻ നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത തസ്തികകളിലേക്കായി നേരിട്ടുള്ള നിയമനം, പ്രൊമോഷൻ, എന്നി വ്യവസ്ഥകൾ അനുസരിച്ചാണോ നിയമനം നടത്തുന്നതെന്നും എത്ര ശതമാനം വീതമെന്നും വ്യക്തമാക്കുമോ ;

(ഡി) ഹയർസെക്കണ്ടറി സ്പെഷ്യൽ സ്കൂളിൽ അനദ്ധ്യാപക തസ്തിക നിയമനത്തിനായി എന്തെങ്കിലും ഭേദഗതികൾ വരുത്തുവാനുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) വിവിധ റിട്ട് പെറ്റീഷനുകളിന്മേലുള്ള 5-9-2013-ലെ ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയെ തുടർന്ന്, 17-8-2015-ലെ സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്.)നമ്പർ 220/2015/പൊ.വി.വ. പ്രകാരം സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് ഹയർസെക്കന്റണ്ടറി സ്കൂളുകളിൽ ഒന്നാം ഘട്ടമായി ലോവർ ഡിവിഷൻ ക്ലാർക്ക്, ഫുൾടൈം/പാർട്ട് ടൈം മീനിയൽ തസ്തികകളും രണ്ടാംഘട്ടമായി ഗ്രേഡ്-4 ലൈബ്രേറിയൻ തസ്തികകളും സൃഷ്ടിക്കുന്നതിനുള്ള ഒരു സ്കീം അംഗീകരിച്ചു. ഇത് പ്രായോഗികമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.